**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5014** **11-08-2021 - ൽ മറുപടിയ്ക്ക്**

**സ്കൂൾ കൗൺസിലർമാരുടെ കരാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വനിതാ ശിശുവികസന വകുപ്പിനു കീഴിൽ സൈക്കോസോഷ്യൽ പദ്ധതി പ്രകാരം സർക്കാർ സ്കൂളുകളിൽ പ്രവർത്തിച്ചു വരുന്ന സ്കൂൾ കൗൺസിലർമാരുടെ കരാർ പുതുക്കി നൽകാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കരാർ പുതുക്കി നൽകാൻ അടിയന്തര നടപടി സ്വീകരിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്കൂൾ കൗൺസിലർമാരുടെ കരാർ പുതുക്കി നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | കരാർ പുതുക്കുന്നതിനുള്ള പുതിയ എസ്.ഒ.പി. പ്രകാരം കൗൺസിലർ നിയമനത്തിനുള്ള യോഗ്യത എം.എസ്.ഡബ്ല്യു സ്പെഷലൈസേഷൻ ഉള്ള ഒരു വിഭാഗത്തിനു മാത്രമായി നിജപ്പെടുത്തിയത് നിലവിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്ന മറ്റ് സ്പെഷലൈസേഷൻ ഉള്ളവർക്ക് ബാധകമാക്കാതെ പുതിയ നിയമനത്തിൽ മാത്രം ബാധകമാക്കുന്നതിനു നടപടി സ്വീകരിക്കുമോ; | (ബി) | സ്കൂൾ കൗൺസിലർമാരുടെ നിയമനത്തിനുള്ള പുതുക്കിയ യോഗ്യതയായ എം.എസ് ഡബ്ല്യൂ സ്പെഷലൈസേഷൻ, നിലവിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്ന മറ്റ് സ്പെഷലൈസേഷൻ ഉള്ള സ്കൂൾ കൗൺസിലർമാർക്ക് ബാധകമാക്കിയിട്ടില്ല. |
| (സി) | ശനി, ഞായർ ദിവസങ്ങളിലുൾപ്പെടെ കോവിഡ് ടെലികൗൺസിലിംഗ് ജോലി ചെയ്തിട്ടും കാസർഗോഡ്, വയനാട്, തിരുവനന്തപുരം തുടങ്ങിയ പല ജില്ലകളിലും ഓണറേറിയം തുക മുഴുവനായും നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ തുക മുഴുവൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഉണ്ട്. കരാർ പുതുക്കുന്നതുവരെ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്ത ദിവസങ്ങളുടെ എണ്ണത്തിനാനുപാതികമായി ഹോണറേറിയം കണക്കാക്കി നൽകുന്നതിനും അവധി ദിവസങ്ങളിൽ DMHP duty ചെയ്യുന്നുണ്ടെങ്കിൽ ആയതിന്റെ ഹാജർ രേഖ അടിസ്ഥാനമായി ടി ദിവസങ്ങൾ duty ആയി പരിഗണിച്ച് ആയതു കണക്കാക്കി ഹോണറേറിയം അനുവദിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ